(സി&ഡി) സർക്കാർ പ്രഖ്യാപിച്ച പുതിയ ഊർജ്ജ നയം നടപ്പിലാക്കി കഴിഞ്ഞു മാത്രമേ പുതിയ ആഫീസുകളുടെ രൂപീകരണം സംബന്ധിച്ച തീരുമാനം കൈക്കൊള്ളുകയുള്ളു.

തൃക്കുന്നപ്പുഴ പഞ്ചായത്തിൽ പുതിയ വൈദ്യുത സബ് സ്റ്റേഷൻ

119 (287) പ്രൊഫ. എ .വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എവിടെയെല്ലാം പുതുതായി വൈദ്യുതി സബ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) അവയുടെ പ്രവർത്തനക്ഷമത എത്ര വീതമാണ്;

(സി) ഹരിപ്പാട് മണ്ഡലത്തിൽ തൃക്കുന്നപ്പുഴ പഞ്ചായത്തിൽ ഒരു സബ് സ്റ്റേഷൻ അനുവദിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്ന ആവശ്യത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) പ്രസ്തുത പഞ്ചായത്തിൽ അടിയന്തിരമായി സബ് സ്റ്റേഷൻ ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ഇ) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) തൃക്കുന്നപ്പുഴ പഞ്ചായത്തിൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതു സംബന്ധിച്ച് ബോർഡ് തീരുമാനമെടുത്തിട്ടില്ല. ഇതു സംബന്ധിച്ച് ബോർഡിന് നിർദ്ദേശം നൽകുന്നതാണ്. ഇക്കാര്യത്തിൽ നിവേദനം ബോർഡിൽ ലഭിച്ചിട്ടില്ല.

(ഡി&ഇ) സബ് സ്റ്റേഷൻ സ്ഥാപിക്കേണ്ട ആവശ്യകതയെപ്പറ്റി സാങ്കേതിക പഠനം നടത്തി ആവശ്യമെന്ന് തോന്നുന്ന പക്ഷം വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

മാന്നാറിൽ 33 കെ.വി.സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം

120 (288) ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ-മാന്നാറിൽ വോൾട്ടേജ് ക്ഷാമം ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാന്നാറിൽ 33 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കും ;

† അനുബന്ധം XIX

LIBRARY ARCHIVES Kerala Legislative Assembly

(സി) മാന്നാർ സബ് സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, ഇനിയും സ്വീകരിക്കാനുള്ളവ ഏതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാന്നാറിൽ സ്ഥാപിക്കുന്ന 33 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) മാന്നാറിലുള്ള അലിൻഡ് ഫാക്ടറിയുടെ സ്ഥലം എടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം "ടേൺ കീ" വ്യവസ്ഥയിൽ നടത്തുവാനുള്ള എസ്റ്റിമേറ്റും, സ്കീമും ബോർഡ് അംഗീകരിച്ചിട്ടുണ്ട്. ദർഘാസ് വിളിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ചെങ്ങന്നൂർ മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകൾ

121 (289) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകൾ എത്ര ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇനിയും ചെയ്യാനുള്ള വർക്കുകൾ ഏതെല്ലാമാണ് ;

(സി) ഈ വർക്കുകൾ എന്നു തുടങ്ങും; എന്ന് പൂർത്തീകരിക്കാൻ കഴിയും ;

(ഡി) പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മുപ്പത് വർക്കുകൾ ചെയ്തിട്ടുണ്ട്.

(ബി) അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) എല്ലാ വർക്കുകളും 3-2000-ൽ പൂർത്തികരിക്കാൻ കഴിയുമാറ് പുരോഗമിച്ചു വരുന്നു.

(ഡി)

പഞ്ചായത്ത്	എണ്ണം
ചെറിയനാട്	6
വെൺമണി തുരുത്ത്	2
ആല	2
മാന്നാർ	6

†അനുബന്ധം XX

LIBRARY ARCHIVES Kerala Legislative Assembly